**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 552**

**29/11/2018 ലെ മറുപടിയ്ക്ക്**

**സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം.**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എം. സ്വരാജ്** | | **ഡോ: ടി. എം.തോമസ് ഐസക്**<br>ധനകാര്യവും കയറും വകുപ്പുമന്ത്രി |
| എ | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടർവത്കരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്തെന്ന് അറിയിക്കുമോ; | ഇൻഷ്വറൻസ് വകുപ്പിലെ പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനായി കെൽട്രോൺ തയ്യാറാക്കിയ 'വിശ്വാസ്' സോഫ്റ്റ്‌വെയർ നിലവിൽ വകുപ്പിൽ പ്രവർത്തനക്ഷമമാണ്. സ്പാർക്ക്, ട്രഷറി വകുപ്പിന്റെ സോഫ്റ്റ്‌വെയറുകൾ, എന്നിവയുമായി ബന്ധിപ്പിച്ച് ഉപഭോക്താക്കൾക്ക് ഓൺലൈൻ സേവനങ്ങൾ ലഭ്യമാകുന്ന തരത്തിൽ നിലവിലെ 'വിശ്വാസ്' സോഫ്റ്റ്‌വെയർ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനായി ഒരു വിശദമായ രൂപരേഖ സമർപ്പിക്കാൻ സർക്കാർ ഇൻഷ്വറൻസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി | പ്രസ്തുത പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | നിലവിലെ സോഫ്റ്റ്‌വെയർ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇൻഷ്വറൻസ് വകുപ്പിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി | പ്രസ്തുത പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകും എന്ന് അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ